## അവകാശലംഘന പ്രശ്നങ്ങൾ

### (1) അനുമതി നിഷേധിച്ച അവകാശലംഘന പ്രശ്നങ്ങൾ

മി. സ്പീക്കർ: പ്രളയ ദുരന്തം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി 30.08.2018-ന് ചേർന്ന പ്രത്യേക നിയമസഭാ സമ്മേളനത്തിൽ ചർച്ചയ്ക്ക് മറുപടി പറയവേ കേന്ദ്ര കാലാവസ്ഥ വകുപ്പിൽനിന്നും അതിതീവ്രമായ മഴയുണ്ടാകുമെന്ന മുന്നറിയിപ്പ് യഥാസമയം ലഭിച്ചില്ലെന്നും മുന്നറിയിപ്പുകളിൽ ന്യൂനതയുണ്ടായിരുന്നെന്നും ബഹു. മുഖ്യമന്ത്രി പറഞ്ഞത് വസ്തുതാവിരുദ്ധമാണെന്നും ആയതിനാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം.എൽ.എ. ഒരു അവകാശലംഘന നോട്ടീസ് നൽകിയിരുന്നു. ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണം തേടിയിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിൽ 2018 ആഗസ്റ്റ് 30-ന് സഭയിൽ നടന്ന ചർച്ചയിൽ ഔദ്യോഗികമായി ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് മറുപടി നൽകിയതെന്നും സഭയെ തെറ്റിദ്ധരിപ്പിക്കണമെന്നോ ഏതെങ്കിലും വിവരങ്ങൾ മറച്ചുവയ്ക്കണമെന്നോ ഉള്ള യാതൊരു ഉദ്ദേശവുമുണ്ടായിരുന്നില്ലായെന്നും

അറിയിച്ചിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് അവകാശലംഘനം ഉന്നയിക്കുന്നതിന് അനുമതി നിഷേധിക്കുന്നു.

(2) ചെയറിന്റെ പരിഗണനയിലിരിക്കുന്ന അവകാശലംഘന പ്രശ്നങ്ങൾ

മി. സ്പീക്കർ: 20.05.2019-ലെ മെഡിക്കൽ കൗൺസിലിന്റെ കത്ത് പ്രകാരം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് പത്ത് ശതമാനം സീറ്റ് സംവരണം അനുവദിച്ചത് സർക്കാർ മെഡിക്കൽ കോളേജുകൾക്ക് മാത്രമാണെന്നും ആയതിന് അപേക്ഷിക്കേണ്ട സമയപരിധിയാണ് പ്രസ്തുത കത്ത് മുഖാന്തരം നീട്ടിയതെന്നിരിക്കെ ഗവൺമെന്റ് ഈ കാര്യം മറച്ചുവച്ചുകൊണ്ട് സംസ്ഥാനത്തെ എല്ലാ സ്വകാര്യ മെഡിക്കൽ കോളേജുകൾക്കും സീറ്റ് വർദ്ധനവിന് അപേക്ഷിക്കാൻ അനുമതി നൽകിയെന്നും ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി നിയമസഭയെ മന:പൂർവ്വം തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ചുവെന്നും ആരോപിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. വി. ഇബ്രാഹിം ഒരു അവകാശലംഘന നോട്ടീസ് സമർപ്പിച്ചിട്ടുണ്ട്. ആയത് ചെയറിന്റെ പരിഗണനയിലാണ്.